## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4522 **28.06.2012** - ൽ മറുപടിയ്ക്ക്

### കുട്ടനാട്ടിൽ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോമസ് ചാണ്ടി** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) കുട്ടനാട്ടിലെ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള എടത്വ സബ്ട്രഷറി നിർമ്മാണം, പുളിങ്കുന്ന് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) കുട്ടനാട്ടിലെ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള എടത്വ സബ്ട്രഷറിയുടെ നിർമ്മാണത്തിനു വേണ്ടിയുള്ള കെട്ടിടത്തിന്റെ പൈലിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ മുൻസിഫ് കോടതിയിൽ പ്രസ്തുത നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ അതിർത്തി സംബന്ധമായി ഒരു കേസ് നിലവിലുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ചു കിട്ടുന്നതിനായി റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ അതോറിറ്റി അതിർത്തി നിർണ്ണയിച്ചു തരുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുന്നതാണ്.<br><br>പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ പണി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. പണി ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ബി) വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |

Mayed

സെക്ഷൻ ഓഫീസർ.